# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

7-ാം വർഷം

2023
ഏപ്രിൽ 02


ഓശാന ഞായർ



# ദരിദ്രനായ രാജാവ്

സഖ 9:9-12, റോമ 11:13-24, മത്താ 21:1-17

സർവ്വസമ്പത്തിനും അധിപരായിരുന്ന്, ഒടുവിൽ ദാരിദ്ര്യത്തിലേക്കു കൂപ്പുകുത്തിയ രാജാക്കന്മാരുണ്ട് ചരിത്രത്തിൽ. ദരിദ്രരായി ജനിച്ച് സർവ്വ സമ്പത്തിനും അധിപരായി മരിച്ച രാജാക്കന്മാരും ഉണ്ടാവും. പക്ഷെ, നമ്മുടെ ഈ രാജാവ് ജനിച്ചതും ജീവിച്ചതും മരിച്ചതുമെല്ലാം ദരിദ്രനായി തന്നെ. കാലിതൊഴുത്തു മുതൽ കാൽവരി വരെ വിടാതെ പിന്തുടർന്ന ദാരിദ്ര്യം. ഉടുതുണിക്ക് മറുതുണിയില്ലാതെ ജീവിച്ച ഒരു പരമദരിദ്രൻ! മരിച്ചടക്കപ്പെട്ടതു പോലും മറ്റാർക്കോ വേണ്ടി നിർമ്മിച്ച കല്ലറയിൽ. പക്ഷെ, രാജാവായി. രാജാക്കന്മാരുടെ രാജാവ്. ഇനിയുള്ള കാലവും ഈ പ്രപഞ്ചം അതേറ്റു ചൊല്ലും; രാജത്വവും ദാസ്യവും ശക്തിയും ബലഹീനതയും ധനവും ദാരിദ്ര്യവും ദൈവത്വവും മനുഷ്യത്വവുമെല്ലാം ഒരുമിച്ചു ചേർന്ന ഈശോ മിശിഹാ തന്നെ ഒരേയൊരു രാജാവ്!

ജറുസലേമിലേക്കുള്ള യേശുവിന്റെ യാത്രയെ ഒരു രാജകീയ പ്രവേശനം എന്നാണ് സുവിശേഷകൻ വിശേഷിപ്പിക്കുന്നത്. യാദൃശ്ചികമായല്ല, നൂറ്റാണ്ടുകൾക്കു മുമ്പുള്ള ഒരു പ്രവചനത്തിന്റെ പൂർത്തീകരണം കൂടിയായിരുന്നു അത്. നിയമജ്ഞർക്കും പ്രധാന പുരോഹിതർക്കും മുമ്പിൽ നിൽക്കേണ്ടി വരുമെന്നും, അവർ അവനെ മരണത്തിനുവിധിച്ച് വിജാതീയർക്കു വിട്ടുകൊടുക്കുമെന്നും അവർ അവനെ പരിഹസിക്കുകയും പ്രഹരിക്കുകയും ക്രൂശിക്കുകയും ചെയ്യുമെന്നറിഞ്ഞിട്ടും, എത്താൻ പോകുന്നത് സ്വർഗസ്ഥനായ പിതാവിന്റെ അടുത്തേക്കാണ് എന്നൊരു പ്രതീക്ഷയിൽ മാത്രം തുടങ്ങുന്നൊരു യാത്ര! ഭൗതിക ദാരിദ്ര്യത്തിൽ നിന്ന് സ്വർഗ്ഗീയ സമ്പത്തിലേക്കുള്ള ആ യാത്ര രാജകീയമാകാതിരിക്കുന്നതെങ്ങനെ? നമുക്കും അതൊരു പ്രതീക്ഷ നൽകുന്നു. സങ്കടങ്ങളുടെയും വേദനകളുടെയും ദുരിതവഴികളിലൂടെ നടന്നു തളർന്നെത്തുന്നത് ഒരു സ്വർഗീയ ഇരിപ്പിടത്തിലേക്കാണെന്നൊരു പ്രതീക്ഷ.




ജയിൻ ജോർജ്ജ്

പക്ഷെ, പലപ്പോഴും നമുക്ക് കാലിടറി പോകുന്നു. ഇല്ലായ്മകളിൽ നഷ്ടമാവുന്ന ആത്മീയത. ദുരിതങ്ങളിൽ ദൈവാഭിമുഖ്യം കുറയുന്ന അനുഭവം. തീഷ്ണത നഷ്ടപ്പെട്ട് വിശ്വാസം വെറും പ്രഹസനം ആവുന്ന അവസ്ഥ. അപ്പോഴെല്ലാം മറക്കാതിരിക്കുക. ദുരിത ജീവിതത്തിലൂടെ പീഡാനുഭവങ്ങളിലൂടെ ക്രൂശിതനായി മരിച്ച്, ഉയിർത്തെഴുന്നേറ്റ ആ ദരിദ്രനായ രാജാവിനെ.

## വിനീതനായ രാജാവ്

സർവ്വ സന്നാഹങ്ങളോടും കൂടിയ ഒരു രാജകീയയാത്രയല്ല, യേശുവിന്റെ ജറുസലേം പ്രവേശനത്തിൽ നമ്മൾ കാണുന്നത്. എളിമയുടെയും സമാധാനത്തിന്റെയും പ്രതീകമായ ഒരു കഴുതയുടെ പുറത്ത്, തീർത്തും വിനയാന്വിതനായി യേശു നടത്തുന്ന ഒരു യാത്ര. അതു കണ്ട് അവിടെ കൂടി നിന്നിരുന്നവരാണ്, വസ്ത്രങ്ങൾ വിരിച്ചും, പച്ചിലക്കൊമ്പുകൾ നിരത്തിയും ആ യാത്ര രാജകീയമാക്കുന്നത്. ശിമയോനും മക്കബേയൂസും അനുയായികളും ജറുസലേമിലേക്ക് നടത്തിയ വിജയകരമായ പ്രവേശനത്തിന്റെ ഒരു ഓർമ്മയുണർത്തൽ! യേശുവിനെ അറിഞ്ഞിരുന്നവർ, അവൻ ചെയ്ത അത്ഭുതങ്ങൾ കേട്ടറിഞ്ഞ്, അവനെ കാണാൻ തിടുക്കം കൂട്ടിയവർ... അവർക്കിടയിലൂടെ ജറുസലേമിലേക്ക് പ്രവേശിക്കുന്ന യേശുവിൽ, അവർ തങ്ങളുടെ രക്ഷകനെ കാണുന്നു. ദൈവത്തിന്റെ സഹായം യാചിക്കുന്ന ഒരു പ്രാർത്ഥനയായി അവിടമെങ്ങും 'ഹോസാന' മുഴങ്ങുന്നു. ദാവീദിന്റെ രാജ്യം യേശു പുനഃസ്ഥാപിക്കുമെന്ന പ്രത്യാശയും പ്രതീക്ഷയും അതിലുണ്ട്.

സമാഗതമാകുന്ന രാജ്യവും, കർത്താവിന്റെ നാമത്തിൽ വരുന്നവനും ഇവിടെ ഒരുമിച്ചു പോകുന്നു. വരുന്നവൻ രാജാവാകുന്നതുപോലെ, രാജ്യവും വരാനുള്ള ഒന്നാണ്. 'വരാനുള്ളത്' എന്ന അർത്ഥത്തിൽ രാജ്യവും രാജാവും യഹൂദർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്നതാണ്.

കേവലമൊരു കഴുതപ്പുറത്ത് കയറി തങ്ങൾക്കു മുമ്പിലൂടെ കടന്നുപോകുന്നവനിൽ സ്വർഗ്ഗീയമായൊരു രാജത്വം കാണാൻ അവർക്കു കഴിഞ്ഞെങ്കിൽ പ്രവചനങ്ങളിലും വാഗ്ദാനങ്ങളിലും അവർക്കുണ്ടായിരുന്ന പൂർണ്ണ വിശ്വാസവും, അവർ അനുഭവിച്ചറിഞ്ഞ യേശുവിന്റെ ജീവിതവും തന്നെയാവണം കാരണം. ഈയൊരു വിശ്വാസം നമുക്കും മുറുകെ പിടിക്കാം. ഈ ലോകത്തിന്റേതായ ചോദ്യങ്ങളും സംശയങ്ങളും ആയിട്ടല്ല, എളിമയോടും വിനയത്തോടും ദൈവസന്നിധിയിൽ മുട്ടുമടക്കുമ്പോൾ ലഭിക്കുന്ന കൃപയ്ക്കായി ശ്രമിക്കാം.

## വിമോചകനായ രാജാവ്

വിശുദ്ധി കൂടാതെ ആർക്കും ദൈവത്തെ കാണുവാൻ സാദ്ധ്യമല്ല. അതുതന്നെയാണ് നമ്മൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയും. ദൈവം വസിക്കേണ്ട ഹൃദയങ്ങളിലായാലും, ദൈവത്തിനായി നമ്മൾ കെട്ടിപ്പൊക്കുന്ന ദേവാലയങ്ങളിലായാലും നഷ്ടപ്പെടുന്ന വിശുദ്ധി.

ദേവാലയത്തിലും യേശു കണ്ടത് ആ കാഴ്ചയാണ്. പ്രാർത്ഥനാലയത്തിന്റെ വിശുദ്ധി നഷ്ടപ്പെട്ട ഒരു കച്ചവടകേന്ദ്രം, നാണയമാറ്റക്കാരും പ്രാവു വിൽപനക്കാരും, മറ്റു കച്ചവടങ്ങൾ നടത്തുന്നവരുമായി നിരവധി പേർ. കാലവ്യത്യാസങ്ങൾക്ക് അതീതമായി എന്നും ഫലം തരേണ്ട ഒരു ദേവാലയം, ഫലം തരാത്തൊരു അത്തിവൃക്ഷമായി യേശുവിനു മുമ്പിൽ. അത്രമേൽ, ആരാധനയ്ക്കു യോഗ്യമല്ലാത്തവിധം അശുദ്ധമാക്കപ്പെട്ട ഒരിടം! മാത്രമല്ല, വിഭാഗീയതയുടെ മതിൽ കെട്ടി മറച്ച്, വിജാതീയരെ ആരാധനയിൽ നിന്നു അകറ്റി നിർത്തിയതും അവൻ അറിയുന്നു. അനിവാര്യമായൊരു ശുദ്ധീകരണം താത്ക്കാലികമായെങ്കിലും നടക്കുന്നത് പിന്നീട് നമ്മൾ കാണുന്നുണ്ട്.

ഒരു യഥാർത്ഥ ദേവാലയം, ദൈവം തന്റെ ജനത്തെ സന്ദർശിക്കുന്ന ഒരു് വിശുദ്ധ സ്ഥലമായി നമുക്കുകാണാം. അവിടെ, വിശ്വാസിയെന്നോ വിജാതീയനെന്നോ വ്യത്യാസമില്ല. ആത്മീയ സാധനയ്ക്കും പ്രാർത്ഥനയ്ക്കും ധ്യാനത്തിനും സാഹോദര്യത്തിനും ബലിക്കുമായുള്ള ഒരു വിശുദ്ധ സ്ഥലം! അത്തരമൊരു ദേവാലയം പൂർണ്ണമായൊരു അർത്ഥത്തിൽ യാഥാർത്ഥ്യമാകുന്നത്, യേശുവിന്റെ മരണത്തോടെയാണെന്ന് നമുക്കറിയാം. കുരിശിൽ കിടക്കുന്ന യേശുവിനെ നോക്കി വിശ്വാസം ഏറ്റു പറഞ്ഞ ആ വിജാതീയ ശതാധിപനായിരുന്നല്ലോ, സർവ്വജനതകൾക്കുമായി സ്ഥാപിതമായ ആ പുതിയ ദേവാലയത്തിൽ പ്രവേശിച്ച ആദ്യ വിജാതീയ വിശ്വാസി

ഭൗതിക തലത്തിൽ ചിന്തിക്കുമ്പോൾ, അത്തരമൊരു വിശുദ്ധിയും വിശാലമനസ്കതയും നമ്മുടെ ഇന്നത്തെ ദേവാലയങ്ങൾക്കുണ്ടോ എന്ന് ഈയവസരത്തിൽ ഒന്നാലോലിച്ചുനോക്കുന്നതും ഉചിതമായിരിക്കും. പരമ്പരാഗത ആചാരാനുഷ്ഠാനങ്ങളിലും ആരാധനാക്രമങ്ങളിലും അതിനുവേണ്ടി മാത്രമുള്ള ധനവ്യയങ്ങളിലും മാത്രം ഒതുങ്ങിപോകാതെ, കാലോചിതവും മനുഷ്യത്വ പരവുമായ ചില മാറ്റങ്ങൾ, പ്രത്യേകിച്ചും നിർദ്ധനരും നിസ്സഹായരുമായ മനുഷ്യരോടുള്ള സമീപനത്തിൽ ഇനിയും ആവശ്യമാണ് എന്നു തന്നെ പറയേണ്ടി വരും. വീണു കിടക്കുന്നവനെ കൈപിടിച്ചെഴുന്നേൽപ്പിക്കാതെ, ആരുടെ മുമ്പിലാണ് നമ്മൾ കൈക്കൂപ്പുക? എവിടെയാണ് നമ്മൾ മുട്ടു മടക്കുക? അതുകൊണ്ട് വിശുദ്ധമാവട്ടെ നമ്മുടെ ദേവാലയങ്ങളും, ഒപ്പം നമ്മുടെ പ്രാർത്ഥനകളും.

ഇനിയൊരു ആത്മീയതലം കൂടി നമ്മൾ കാണുന്നുണ്ട്, യേശു നടത്തിയ ദേവാലയ ശുദ്ധീകരണത്തിൽ. ഹൃദയ വിശുദ്ധീകരണം എന്ന മഹനീയമായൊരു പ്രക്രിയ! ദേവാലയത്തെ മനുഷ്യമനസ്സിന്റെ

ഒരു പ്രതീകമായി കാണുന്നു. ദൈവം വസിക്കേണ്ട വിശുദ്ധമായൊരു ആലയമായി ഹൃദയത്തെ വ്യാഖ്യാനിക്കുന്നു. ആ വിശുദ്ധിയിലേക്കെത്തുക വലിയ ഒരു വെല്ലുവിളിയാണെന്നും നമ്മൾ അറിയുന്നു. അതിനെക്കുറിച്ചൊരു വിശദീകരണമൊന്നും ഇനി ആവശ്യമില്ലെന്നറിയാം. ഒരുപാടു തവണ നമ്മൾ കേട്ടിട്ടുണ്ട്. പഠിച്ചിട്ടുണ്ട്. മനസിൽ പതിഞ്ഞിട്ടുണ്ട്. വിശുദ്ധിയിലേക്ക് നടക്കുമ്പോഴൊക്കെ, കൊളുത്തിട്ട് പുറകോട്ടു വലിക്കുന്ന പ്രലോഭനങ്ങളെ നമ്മൾ അനുഭവിച്ചറിഞ്ഞിട്ടുമുണ്ട്. എങ്കിലും നമുക്ക് നടക്കാം, ആ വിശുദ്ധിയിലേക്കു തന്നെ. കഴിയുന്നത്ര കറകൾ കഴുകികളഞ്ഞ് ആ 'കരുത്തുറ്റവന്റെ' കൈ പിടിച്ച്, കഴിയാവുന്നിടത്തോളം. കാരണം, ഹൃദയ വിശുദ്ധി കൂടാതെ ദൈവത്തെ നമുക്ക് കാണാൻ കഴിയില്ലല്ലോ...

## മഹത്വത്തിന്റെ രാജാവ്

ഒരു നോമ്പുകാലം കൂടി തീരാറായി. പ്രാർത്ഥനകളും ഉപവാസവും പ്രായശ്ചിത്തവുമെല്ലാം എത്രത്തോളമുണ്ടായിരുന്നുവെന്ന്, ഈയൊരു അവസാന നിമിഷത്തിലെങ്കിലും നമുക്കൊന്നു പരിശോധിക്കാം. എത്രത്തോളം പ്രായോഗികമായെന്നും ഫലം കണ്ടുവെന്നും.

തിന്മ ചെയ്യാതിരുന്നതു മാത്രമാണോ, നോമ്പുകാലവിശുദ്ധി? അതോ നന്മ ചെയ്തതു കൂടിയാണോ? അകറ്റി നിർത്തേണ്ട പലതിനുമൊപ്പം ചേർത്തു നിർത്തേണ്ട ചിലതിനെയെങ്കിലും മറന്നുപോയെങ്കിൽ, നോമ്പുകാല വിശുദ്ധിക്കെന്തു പ്രസക്തി? പശ്ചാത്താപവും പ്രായശ്ചിത്തവും മാനസാന്തരവുമെല്ലാം ഇനിയുമാവാം. തുടർന്നു വരുന്ന പീഡാനുഭവദിനങ്ങളിൽ ദുസ്സഹപീഡകൾക്കൊടുവിൽ ക്രൂശിതനായവനെ നമുക്കു



കാണാം. കൈ കൂപ്പാം, കണ്ണീരൊഴുക്കി ഹൃദയവിശുദ്ധി വരുത്താം. ഇനിയൊരു നോമ്പുകാലത്തിനു മുമ്പായി, ചാരം കൊണ്ടു നെറ്റിയിൽ കുരിശു വരയ്ക്കുമ്പോൾ, ഇത്രയും പാപഭാരം നമുടെയുള്ളിൽ ഉണ്ടാവാതിരിക്കട്ടെ.

ഇന്ന്, നമുക്കു മുമ്പിൽ ഒരു ഓശാന ഞായർ കൂടി.. എല്ലാവർക്കും ഓശാനതിരുനാൾ ആശംസകൾ! സമാധാനത്തിന്റെ ഒരു കുരുത്തോല കൂടി കയ്യിലേന്താൻ അവസരം തന്ന മഹത്വത്തിന്റെ രാജാവിന് ഹോസാന!

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com